LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, അത്യന്തം ഗുരുതരവും പൈശാചികവുമായ നിലയിലായിരുന്നു കഴിഞ്ഞ ദിവസം പോലീസ് വിദ്യാർത്ഥികളെ ആക്രമിച്ചത്. ലോക്കപ്പ് മർദ്ദനം അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾ ഭരിക്കുമ്പോൾ ഉണ്ടായിട്ടുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം വിദ്യാർത്ഥികളെ മാത്രമല്ല, സമരം ചെയ്യുന്ന വിവിധ വിഭാഗം ആളുകളെയും ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദിക്കുന്ന പ്രാകൃതമായ ഏർപ്പാട് ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളെ ഇന്നലെ പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്ന് വളരെ ക്രൂരമായി, നീചമായി ആണ് പോലീസ് മർദ്ദിച്ചത്. ആ പരിക്കുകളും പാടുകളും മുറിവുകളും ചതവുകളുമൊക്കെ കാണാൻ ഇടയായതാണ്. ഇത്തരത്തിൽ ഈ ഗവൺമെന്റ് ലോക്കപ്പ് മർദ്ദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭരണം നടത്തുന്നത് അവസാനിപ്പിക്കേണ്ടതാണ്. ഈ ഹീനമായ സംഭവത്തിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാനടപടികൾ ബഹിഷ്ക്കരിച്ച് ഞാനും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ. എ. അസീസ് സഭ വിട്ട് പുറത്തുപോയി)

III. ശ്രദ്ധക്ഷണിക്കൽ

(1) ആരോഗ്യമേഖല നേരിടുന്ന പ്രതിസന്ധി

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്ക്കരിച്ച് പോയതിനാൽ ശ്രീ. എം. വി. ജയരാജൻ നോട്ടീസ് നൽകിയിരുന്ന ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.)

(2) ലക്ഷംവീട് പദ്ധതിപ്രകാരം നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദുർബല ജനവിഭാഗങ്ങൾക്കും പാവപ്പെട്ടവർക്കും ഒട്ടേറെ ആശ്വാസകരമായ പദ്ധതികൾ നടപ്പിലാക്കിയ ഒരു ഗവൺമെന്റാണ് സംസ്ഥാനത്തെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് ലക്ഷംവീട് പദ്ധതി. ഇന്ന് വളരെ വർഷങ്ങൾ പിന്നിട്ട ഈ വീടുകൾ പലതും ചോർന്നൊലിക്കുകയും പലതിനും മേൽക്കൂര ഇല്ലാതെ വെയിലും മഴയും കൊണ്ട് നശിച്ചുകൊണ്ടിരിക്കുകയുമാണ്. അവിടത്തെ താമസക്കാർ വളരെയേറെ വിഷമതകൾ സഹിച്ചുവരികയാണ്. അതോടൊപ്പംതന്നെ ഈ ലക്ഷം വീടുകൾ പലതും ഇന്ന് നശിച്ചുകഴിഞ്ഞു. അവയുടെ എണ്ണം എത്രയോ കുറഞ്ഞുപോയിട്ടുണ്ട്. സാനിട്ടേഷൻ സൗകര്യങ്ങളില്ലാത്ത ഈ വീടുകളിൽ തമസിക്കുന്ന ആളുകൾ വളരെയേറെ വിഷമതകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പലതിനും വാതിലുകളില്ല, മേൽക്കൂരയില്ല, സാനിട്ടേഷൻ സൗകര്യങ്ങളില്ല, കക്കൂസുകളില്ല. ഇക്കൊല്ലം നമുക്കറിയാം, നമ്മുടെ ബഡ്ജറ്റിൽ ലക്ഷം വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക്വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചത് നല്ല കാര്യമാണ്. അതുകൊണ്ട്തന്നെ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ലക്ഷം വീടുകളുടേയും ഒരു സർവ്വേ നടത്തിക്കൊണ്ട് അതിൽ പൂർണ്ണമായും നശിച്ചുപോയ വീടുകൾക്ക് പകരമായി പുതിയ വീടുകൾ നിർമ്മിക്കുവാനും ഭാഗികമായി നശിച്ചുപോയ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഇന്ന് വളരെ ചെറിയ വീടുകളിൽ എത്രയോ ആളുകൾ താമസിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രത്യേക പദ്ധതി തയ്യാറാക്കിക്കൊണ്ട് അവ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. നമ്മുടെ